"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

സി.എസ്.ഐ.എൻ. വകുപ്പ് - വെസ്റ്റ് കോസ്റ്റ് കനാൽ വികസനം - തിരുവനന്തപുരം ജില്ല - വെട്ടൂർ പഞ്ചായത്ത് - കനാലിന്റെ ചെ.43.780 കി.മീ മുതൽ 46.000 കി.മീ വരെയുള്ള ഭാഗത്ത് നിന്നും ഡ്രഡ്ജിംഗിലൂടെ ലഭ്യമായ സ്പോയിൽ നീക്കം ചെയ്യൽ - സീനിയറേജ് ഈടാക്കുന്നത് - ബഹു. ഹൈക്കോടതിയുടെ വിധിന്യായം പാലിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**കോസ്റ്റൽ ഷിപ്പിംഗ് & ഇൻലാൻഡ് നാവിഗേഷൻ (എ) വകുപ്പ്**

സ.ഉ.(സാധാ) നം.25/2024/CSIND തീയതി,തിരുവനന്തപുരം, 11-07-2024

---

പരാമർശം:-

1. സ.ഉ. (പി) നം. 50/2015/റവ, തീയതി 02/02/2015.
2. സ.ഉ(സാധാ) നം.41/2023/സി.എസ്.ഐ.എൻ.ഡി, തീയതി 07/12/2023.
3. റിട്ട് പെറ്റീഷൻ നം.6919/2024-ലെ 01/03/2024 തീയതിയിലെ വിധിന്യായം.
4. സി.എസ്.ഐ.എൻ. വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് സതേൺ സിഗ്മ വെൻചർസ് പ്രൈവറ്റ് ലി. മാനേജിംഗ് ഡയറക്ടർ നല്കിയ 18/03/2024 തീയതിയിലെ അപേക്ഷ.
5. ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയറുടെ 03/07/2024-ലെ ഡബ്ല്യു6-035/സി.ഇ/ ഐ.എൻ/2018 നമ്പർ കത്ത്.

**ഉത്തരവ്**

വെസ്റ്റ് കോസ്റ്റ് കനാൽ വികസനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിൽ വെട്ടൂർ പഞ്ചായത്തിൽ കനാലിന്റെ ചെ. 43.780 കി.മീ മുതൽ 46.000 കി.മീ വരെയുള്ള ഭാഗത്തെ ശുചീകരണവും വികസനവും ഉൾപ്പെട്ട പ്രവൃത്തി സ്ഥലത്ത് നിന്നും ഡ്രഡ്ജിംഗിലൂടെ ലഭ്യമായ ചെളിയും മാലിന്യങ്ങളും ഉൾപ്പെട്ട സ്പോയിൽ നീക്കം ചെയ്യുന്നതിന്, ലേലത്തിൽ ഏറ്റവും കൂടിയ തുകയായ ക്യൂബിക് മീറ്ററിന് 70.20 രൂപ നിരക്കിൽ 67,64,778/- രൂപ രേഖപ്പെടുത്തിയ സതേൺ സിഗ്മ വെൻചർസ് പ്രൈവറ്റ് ലിമിറ്റഡ്-ന് ലേലം സ്ഥിരപ്പെടുത്തി നൽകുന്നതിന് ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർക്ക് അനുമതി നൽകി പരാമർശം (2) പ്രകാരം ഉത്തരവായിരുന്നു. പ്രസ്തുത ഉത്തരവിലെ ഖണ്ഡിക (2) ൽ ക്യൂബിക് മീറ്ററിന് ഏകദേശം 230 രൂപ നിരക്കിൽ സീനിയറേജ് ലേലം കൊണ്ടയാൾ അടയ്ക്കേണ്ടതുണ്ടെന്ന് ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുള്ള വിവരം പരാമർശിച്ചിരുന്നു.

2. സ്പോയിൽ നീക്കം ചെയ്യുന്നതിന് ക്യൂബിക് മീറ്ററിന് 230 രൂപ നിരക്കിൽ സീനിയറേജ് കണക്കാക്കിയതിനെതിരായി പ്രവൃത്തി ഏറ്റെടുത്ത സതേൺ സിഗ്മ വെൻചർസ് പ്രൈവറ്റ് ലി.

ബഹു. ഹൈക്കോടതി മുൻപാകെ ഫയൽ ചെയ്ത ഹർജിയിലെ പരാമർശം (3) പ്രകാരമുള്ള വിധിന്യായത്തിൽ ഈ വിഷയത്തിൽ ഹർജിക്കാരൻ ഒരാഴ്ചയ്ക്കുള്ളിൽ സർക്കാരിലേക്ക് അപേക്ഷ സമർപ്പിക്കുവാനും അപേക്ഷ ലഭ്യമാകുന്നപക്ഷം ഒരു മാസത്തിനുള്ളിൽ സർക്കാർ ഉചിതമായ തീരുമാനം എടുക്കാനും നിർദ്ദേശിച്ചിരുന്നു.

3. അതിൻപ്രകാരം സതേൺ സിമ്മ വെൻചർസ് പ്രൈ. ലി. സമർപ്പിച്ച പരാമർശം (4) അപേക്ഷയിൽ ടെണ്ടർ നോട്ടിഫിക്കേഷനിലോ, മറ്റ് കത്തിടപാടുകളിലോ ക്യൂബിക് മീറ്ററിന് 230 രൂപയാണ് സീനിയറേജ് ചാർജ് എന്ന് വ്യക്തമാക്കിയിരുന്നില്ലെന്നും റവന്യൂ വകുപ്പിന്റെ പരാമർശം (1) ഉത്തരവ് പ്രകാരം ക്യൂബിക് മീറ്ററിന് പ്രാദേശിക മാർക്കറ്റ് വിലയുടെ 10% മാത്രമാണ് സീനിയറേജ് അടയ്ക്കേണ്ടിവരികയെന്നും, പ്രാദേശിക മാർക്കറ്റ് വിലയുടെ 10% മാത്രമാണ് അടയ്ക്കേണ്ടിവരികയെന്ന ധാരണയിലാണ് കമ്പനി പ്രവൃത്തി ഏറ്റെടുത്തിട്ടുള്ളതെന്നും സീനിയറേജ് ചാർജ്ജ് ക്യൂബിക് മീറ്ററിന് 230 രൂപ എന്ന നിരക്കിന് പകരം ക്യൂബിക് മീറ്ററിന് മാർക്കറ്റ് വിലയുടെ 10% എന്ന നിരക്കിലേയ്ക്ക് കുറവുവരുത്തി അനുമതി നല്കണമെന്നും ആവശ്യപ്പെടുകയുണ്ടായി.

4. ഇക്കാര്യത്തിൽ ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർ ലഭ്യമാക്കിയ പരാമർശം (5) റിപ്പോർട്ടിൽ സതേൺ സിമ്മ വെൻചർസും എക്സിക്യൂട്ടീവ് എഞ്ചിനീയറും തമ്മിൽ ഏർപ്പെട്ട കരാറിൽ ക്ലോസ് 6 പ്രകാരം കാലാകാലങ്ങളിലുള്ള സർക്കാർ ഉത്തരവുകൾ, നിയമങ്ങൾ എന്നിവയ്ക്കനുസൃതമായി ടാക്സ്, സീനിയറേജ് ചാർജ്ജ്, റോയൽറ്റി എന്നിവ അടയ്ക്കേണ്ടതാണെന്ന് രേഖപ്പെടുത്തിയിരുന്നതായും കൂടാതെ ക്ലോസ് 10 പ്രകാരം സെലക്ഷൻ നോട്ടീസ്, സതേൺ സിമ്മ വെഞ്ചേഴ്സിനുള്ള കത്തുകൾ എന്നിവ എഗ്രിമെന്റിന്റെ ഭാഗമാണെന്നും, അതിനാൽ സതേൺ സിമ്മ വെഞ്ചേഴ്സ് സെലക്ഷൻ നോട്ടീസിൽ പറഞ്ഞിരിക്കുന്ന ക്യൂബിക് മീറ്ററിന് 230 രൂപ നിരക്കിൽ സീനിയറേജ് ചാർജ്ജ് അടയ്ക്കാൻ ബാധ്യസ്ഥരാണെന്നും അറിയിച്ചിരുന്നു. കൂടാതെ ടി മണ്ണ് തിരുവനന്തപുരം കോളേജ് ഓഫ് എഞ്ചിനീയറിംഗിൽ ടെസ്റ്റ് ചെയ്ത റിസൾട്ട് പ്രകാരം 70%ൽ അധികം ക്ലേ & സിൽറ്റ് ആകയാൽ mud ന്റെ വിലയായി ക്യൂബിക് മീറ്ററിന് 165 രൂപയും കോസ്റ്റ് ഇൻഡക്സ് 35.59 ശതമാനവും ചേർത്ത് ക്യൂബിക് മീറ്ററിന് 223 രൂപയാണ് വിലയായി നിശ്ചയിച്ചിട്ടുള്ളത് എന്നും ആയതിന്റെ സീനിയറേജ് ചാർജ് ലാന്റ് റവന്യൂ കമ്മീഷണറുടെ LR(B6)11681/2019തീയതി 28/03/2019 നടപടിക്രമം പ്രകാരമുള്ള ഉത്തരവിൽ വ്യക്തമല്ലാത്തതിനാൽ സീനിയറേജ് ചാർജ്ജ് പുനർനിർണ്ണയിക്കുന്നത് സംബന്ധിച്ച് സർക്കാർ തലത്തിൽ തീരുമാനം കൈക്കൊള്ളണമെന്നും അറിയിച്ചിരുന്നു.

5. വിവിധ ധാതുക്കൾ, മണൽ, എന്നിവയുടെ സീനിയറേജ് ചാർജ്ജ് നിശ്ചയിച്ച് നൽകിയിട്ടുള്ള റവന്യൂ വകുപ്പിന്റെ പരാമർശം (1) ഉത്തരവിലെ കാറ്റഗറി 7 പ്രകാരം സീനിയറേജ് ചാർജ്ജ് പ്രത്യേകമായി പരാമർശിക്കാത്ത മറ്റ് ഇനങ്ങൾക്ക് മെറ്റീരിയലിന്റെ വിലയുടെ 10% സീനിയറേജ് ആണ് ഈടാക്കേണ്ടതെന്നും മേൽ കേസിൽ ഏത് നിരക്കാണ് ഈടാക്കേണ്ടതെന്ന് ഭരണവകുപ്പിന് തീരുമാനിക്കാം എന്ന് റവന്യൂ വകുപ്പ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

6. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. വെസ്റ്റ് കോസ്റ്റ് കനാൽ വികസനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം ജില്ലയിലെ വെട്ടൂർ പഞ്ചായത്തിലെ കനാലിന്റെ ചെ. 43.780 കി.മീ മുതൽ 46.000 കി.മീ വരെയുള്ള ഭാഗത്തെ ശുചീകരണവും വികസനവും ഉൾപ്പെട്ട പ്രവൃത്തി സ്ഥലത്ത് നിന്നും ഡ്രഡ്ജിംഗിലൂടെ ലഭ്യമായ സ്പോയിൽ നിർമ്മാണ ആവശ്യങ്ങൾക്ക് ഉപയോഗിക്കാൻ കഴിയാത്തതാണെന്ന് ചീഫ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുള്ളതിനാലും, അത്തരത്തിലുള്ള സ്പോയിലിന് പ്രത്യേക നിരക്ക് പരാമർശം (1)-ലെ

ഉത്തരവിൽ നിശ്ചയിച്ച് നല്കിയിട്ടില്ലാത്തതിനാലും പരാമർശം (1) ഉത്തരവിലെ 7-ാം ഇനമാണ് ബാധകമാവുകയെന്ന് കണ്ട് അതിൻപ്രകാരം മെട്രിക് നിരക്കിലുള്ള പ്രാദേശിക മാർക്കറ്റ് വിലയുടെ 10% നിരക്കിൽ സീനിയറേജ് ഈടാക്കുന്നതിന് ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും ചീഫ് എഞ്ചിനീയർക്ക് അനുമതി നൽകി പരാമർശം (2)-ലെ വിധിന്യായം പാലിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അശോക് കുമാർ സിംഗ് ഐ എ എസ്
പ്രിൻസിപ്പൽ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരളം, എറണാകുളം (ആമുഖ കത്ത് സഹിതം).
ശ്രീ. ജിതിൻ ജെ. എൽ. മാനേജിംഗ് ഡയറക്ടർ, സതേൺ സിമ്മ വെൻചർസ് പ്രൈ. ലി., ബിൽഡിംഗ് നം. 8/261, വെമ്പായം, കുതിരകുളം പി.ഒ, തിരുവനന്തപുരം. 695615.
ചീഫ് എഞ്ചിനീയർ, ഉൾനാടൻ ജലഗതാഗതവും കുട്ടനാട് പാക്കേജും, ആലപ്പുഴ.
ഡയറക്ടർ, ഉൾനാടൻ ജലഗതാഗത വകുപ്പ്, ആശ്രാമം, കൊല്ലം.
അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരളം, തിരുവനന്തപുരം.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം.
ധനകാര്യ (I & PW-B) വകുപ്പ് ( I & PW- B3/165/2023-FIN, തീയതി 8/11/2023)
റവന്യൂ (P) വകുപ്പ് ( REV- P2/127/2024-REV, തീയതി 22/05/2024)
നിയമ (Law Suit-II) വകുപ്പ് (ST-112/177/2024-LAW, തീയതി. 10/07/2024.)
വിവര പൊതുജന സമ്പർക്ക വകുപ്പ്, വെബ് & ന്യൂ മീഡിയ, ഗവ. സെക്രട്ടേറിയറ്റ്.
സ്റ്റോക്ക് ഫയൽ / ഓഫീസ് കോപ്പി (എ2/38/2024/സി.എസ്.ഐ.എൻ.ഡി.).

ഉത്തരവിൻ പ്രകാരം

Signed by
Bimal V
സെക്ഷൻ ഓഫീസർ
Date: 12-07-2024 10:29:59